# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## സ്കൂൾ പാഠപുസ്തകങ്ങളുടെ പരിഷ്കരണം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം 805 — 29.09.2016 ൽ മറുപടിക്ക്

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല<br>" അബ്ദുൽ ഹമീദ്. പി<br>" ടി.വി.ഇബ്രാഹിം<br>" പി.കെ.ബഷീർ | | | പ്രൊഫ :സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സ്കൂൾ പാഠപുസ്തകങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിലെ നയം വ്യക്തമാക്കുമോ ; | എ) | സമഗ്രമായ പാഠപുസ്തക പരിഷ്ക്കരണം സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. പാഠ്യപദ്ധതിയിലെ ന്യൂനതകൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം പരിഷ്കരിച്ച 9,10 ക്ലാസ്സുകളിലെ ചില പാഠപുസ്തകങ്ങൾ സംബന്ധിച്ച് ഉയർന്നുവന്ന പരാതികളുടെ അടിസ്ഥാനത്തിൽ അവയിലെ ഭാഷാപരവും ആശയപരവുമായ വൈകല്യങ്ങൾ പരിഹരിച്ചുവരുന്നു. |
| ബി) | ഏറ്റവും ഒടുവിൽ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചത് എന്നാണെന്നും അതിൽ അപാകതകളെന്തെങ്കിലും ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ? | ബി) | 2013-14 വർഷം 1,3,5,7,11 ക്ലാസ്സുകളിലേയും 2014-15-ൽ 2,4,6,8,12 ക്ലാസ്സുകളിലെയും, 2015-16-ൽ 9,10 ക്ലാസ്സുകളിലെയും പാഠപുസ്തകങ്ങൾ പരിഷ്കരിച്ചിരുന്നു. മേൽ പറഞ്ഞ പാഠപുസ്തകങ്ങളെ സംബന്ധിച്ച് നിരവധി പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. ഭാഷാപരമായും, ആശയപരമായും വിദ്യാഭ്യാസ ശാസ്ത്രപരവുമായുള്ള വൈകല്യങ്ങൾ അധ്യാപകരും, വിദ്യാഭ്യാസ വിദഗ്ധരും പല ഘട്ടങ്ങളിലായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 9,10 ക്ലാസ്സുകളിലെ മലയാളം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം പാഠപുസ്തകങ്ങളെക്കുറിച്ചാണ് കൂടുതൽ പരാതികൾ ഉണ്ടായിട്ടുള്ളത്. അവ പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ